പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1710 **16-10-2026-ൽ മറുപടിയ്ക്ക്**

കോവളം–ബേക്കൽ ജലപാത

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. നീലകണ്ഠൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) കോവളം–ബേക്കൽ ജലപാത (വെസ്റ്റ് കോസ്റ്റ് കനാൽ)യുടെ രണ്ടാംഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ;

മറുപടി: കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളേയും പുഴകളെയും ബന്ധിപ്പിച്ച് കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. നീളത്തിൽ വിഭാവനം ചെയ്തിട്ടുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ നിർമ്മാണം മൂന്നുഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടമായി 520 കി.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ചിട്ടുണ്ട്. ജലപാത നിർമ്മാണ പ്രവൃത്തിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്.

രണ്ടാം ഘട്ടം- പ്രവർത്തന പുരോഗതി

കോവളം മുതൽ ആക്കുളം കായൽ വരെയുള്ള പാർവ്വതി പുത്തനാറിന്റെ വികസനത്തിനായി 817.314 ആർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 124.29 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

കോവളം -വള്ളക്കടവ്

പള്ളിത്തുറ പാലം മുതൽ ആറാട്ടുവഴി പാലം വരെയും അണക്കപിള്ള മുതൽ കഠിനംകുളം കായൽ മുഖം വരെയുമുള്ള ഭാഗങ്ങളിൽ ഡ്രെഡ്ജിംഗ് & ക്ലീനിംഗ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആറാട്ടുവഴി പാലം മുതൽ അണക്കപിള്ള വരെയുള്ള ഭാഗങ്ങളിൽ ഡ്രെഡ്ജിംഗ് & ക്ലീനിംഗ് പ്രവൃത്തികൾ നടന്നുവരികയാണ്.

വള്ളക്കടവ് - വേളി

വേളി മുതൽ പള്ളിത്തുറ വരെയുള്ളഭാഗങ്ങളിൽ കനാൽ വീതിയും ആഴവും കൂട്ടുന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആറാട്ടുവഴി മുതൽ അണക്കപിള്ള വരെ കനാലിന്റെ ആഴം കൂട്ടൽ, വീതി കൂട്ടൽ പ്രവർത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്.

വേളി - നടയറ കായൽ

പശ്ചിമതീര കനാൽ നവീകരണ പ്രവർത്തനങ്ങൾ 25 മീറ്റർ കനാൽ വീതി തിട്ടപ്പെടുത്തി പുരോഗമിച്ച് വരുന്നു.

നടയറ കായൽ -അഷ്ടമുടി കായൽ

വർക്കലയിൽ അരിവാളം മുതൽ തൊട്ടിപ്പാലം വരെയുള്ള കനാലിന്റെ സൗന്ദര്യവൽക്കരണ പ്രവൃത്തിയുടെ 70% ഓളം പൂർത്തിയായിട്ടുണ്ട്. അതിന്റെ ഭാഗമായി ചിലക്കൂർ ടണലിനുള്ളിൽ Light and Sound Show പ്രവർത്തനങ്ങളും, ബോട്ട് ജെട്ടി നിർമ്മാണവും 2026 ഫെബ്രുവരിയിൽ പൂർത്തീകരിച്ചു, അവശേഷിച്ച ഫുട് ഓവർ ബ്രിഡ്ജിന്റെയും, റോഡ് വശങ്ങളിലെ ക്രാഷ് ബാരിയറിന്റെയും നിർമ്മാണ പ്രവൃത്തികൾ 2027 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലം തോടിന്റെ ചില ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടി സ്വീകരിച്ചു വരുന്നു.

ദേശീയ ജലപാത-3

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയെ ദേശീയജലപാത-3 ആയി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ(IWAI) യുടെ അധികാര പരിധിയിലാണ് വരുന്നത്. അതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്ററിൽ ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണവും തൃക്കുന്നപ്പുഴ ഭാഗത്ത് നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണവും പുരോഗമിക്കുകയാണ്.

കോട്ടപ്പുറം -അണ്ടത്തോട്

കോട്ടപ്പുറം മുതൽ അണ്ടത്തോട് വരെ (Ch.242.18 to 310.18) 68 കി. മീ വരുന്ന പി. സി കനാലിന്റെ (പൊന്നാനി -കൊച്ചിൻ കനാൽ) 47.02 കി. മി നാവിഗബിൾ ആണ്.

അണ്ടത്തോട് -ചേലേമ്പ്ര പുല്ലിപ്പുഴ

അണ്ടത്തോട് മുതൽ ചേലേമ്പ്ര പുല്ലിപ്പുഴ വരെ (ch :310.18 km to 377.518km) 67.338 കി.മീ. നീളത്തിലുള്ള ഭാഗത്ത് ദേശീയ ജലപാതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിലവിലെ കനാലിന്റെ അതിർത്തി നിർണ്ണയ പ്രവൃത്തികൾ പുരോഗതിയിലാണ്. ആയതിൽ 12 കീ.മി നീളം ഇനി പൂർത്തീകരിക്കാനുണ്ട്. കൂടാതെ വെസ്റ്റ് കോസ്റ്റ് കനാലിനു കുറുകെയുള്ള നിർമ്മിതികൾ ദേശീയ ജലപാതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി ഭൂരിഭാഗം നിർമ്മിതികളുടെയും മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള ന്യൂ കട്ട് റെഗുലേറ്റർ ലോക്ക് കം റെഗുലേറ്റർ ആയി പുനർ നിർമ്മിക്കുന്നതിന്റെ അടക്കം 14 നിർമ്മിതികളുടെ മണ്ണ് പര്യവേഷണ റിപ്പോർട്ടും ഇൻഡന്റും ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ റിസർച്ച് ബോർഡ്(IDRB) ലേക്ക് നല്കിയിട്ടുണ്ട്. അതിൽ ന്യൂ കട്ട് ലോക്ക് കം റെഗുലേറ്റർ, താനൂർ-കൂട്ടായി കനാലിനു കുറുകെയുള്ള ചീരാൻ കടപ്പുറം, എടക്കടപ്പുറം, ചാപ്പപ്പടി ഫൂട്ട് ബ്രിഡ്ജ് എന്നിവയുടെ ഡിസൈൻ പ്രവൃത്തികൾ IDRB യിൽ പുരോഗമിച്ചുവരുന്നു.

ദേശീയ ജലപാതയിൽ (Ch : 316.728 km) പൊന്നാനി വെളിയംങ്കോട് ലോക്ക് കം ബ്രിഡ്ജിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്.രണ്ടാം ഘട്ട പ്രവർത്തികൾ പുരോഗതിയിലാണ്. കൂടാതെ Ch: 329.756 km തിരൂർ പൊന്നാനി പുഴയിൽ കൂട്ടായി RCB ക്ക് സമീപം കൂട്ടായി ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി 75 % പൂർത്തീകരിച്ചിട്ടുണ്ട്.

കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്

പശ്ചിമതീര കനാലിന്റെ ഭാഗമായതും കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്നതുമായ കനോലി കനാൽ (11.2 കി.മി) നവീകരിക്കുന്നതിനുള്ള DPR തയ്യാറാക്കൽ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

വടകര-മാഹി ജലപാത

17.61 കി.മി. വരുന്ന വടകര-മാഹി ജലപാതയിൽ 13.38 കി.മീ കനാൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആകെയുള്ള അഞ്ച് റീച്ചുകളിൽ റീച്ച്-1, റീച്ച്-V എന്നിവ പൂർത്തീകരിച്ചു.

മാഹി-വളപട്ടണം കനാലിന് ഭൂമി ഏറ്റെടുക്കൽ

മാഹി-വളപട്ടണം ജലപാതയിൽ മൂന്ന് കട്ടുകളാണ് ഉള്ളത്.

റീച്ച് 1 - തൃപ്പാംങ്ങോട്ടൂർ എലിഞ്ഞോട് മുതൽ മനേക്കര ഏലാവഴി ഇരഞ്ഞോളി പുഴ വരെ 9.5 കി.മി കനാലിനും ടണൽ നിർമ്മാണത്തിനുമായി 61.82 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുണ്ട്. 2.5 കി. മി ഭാഗത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ച് അതിർത്തി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികമായ എതിർപ്പ് കാരണം അവശേഷിച്ച ഭാഗത്ത് അതിർത്തി രേഖപ്പെടുത്തലും സാമൂഹ്യ ആഘാത പഠനം, DPR തയ്യാറാക്കുന്നതിനുള്ള സർവ്വേ, മണ്ണ് പരിശോധന എന്നിവയും തടസ്സപ്പെട്ടിരിക്കുകയാണ്.

റീച്ച് 2 - മാഹി-വളപട്ടണം കനാലിന്റെ ഇരഞ്ഞോളി പുഴ മുതൽ ധർമ്മടം പുഴ വരെ 800 മീറ്റർ കനാൽ നിർമ്മാണത്തിന് 5.989 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നല്കുകയും അതിർത്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമൂഹികാഘാത പഠനം പൂർത്തിയാക്കുകയും 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ബഹു. ഹൈക്കോടതിയിലെ WP(C) 34113/2023 നമ്പർ കേസിലെ ഉത്തരവ് പ്രകാരം തുടർനടപടികൾക്ക് ഹൈക്കോടതിയുടെ സ്റ്റേ ഉണ്ട്.

റീച്ച് 3 - അഞ്ചരക്കണ്ടി പുഴ മുതൽ വളപട്ടണം പുഴവരെ 15.70 കിമി കനാൽ നിർമിക്കുന്നതിന് 99.755 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും സാമൂഹികാഘാത പഠനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതിയിലെ WP(C) 21584/2024 എന്ന കേസിലെ ഉത്തരവ് പ്രകാരം തുടർനടപടികൾക്ക് ഹൈക്കോടതിയുടെ സ്റ്റേ ഉണ്ട്.

നീലേശ്വരം- ബേക്കൽ ജലപാത

നീലേശ്വരം നദിക്കും ചിത്താരി നദിക്കും ഇടയിൽ കൃത്രിമ കനാൽ നിർമ്മിക്കുന്നതിനും നമ്പ്യാർക്കൽ ലോക്ക് നിർമ്മിക്കുന്നതിനും ഉള്ള പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും വ്യാപകമായ എതിർപ്പിനെ തുടർന്ന് തടസപ്പെട്ടു. DPR തയ്യാറാക്കുന്നതിനുള്ള സർവ്വേകളും മണ്ണ് പരിശോധനയും തടസ്സപ്പെട്ടിരിക്കുകയാണ്. WP(C) 6021/2024 എന്ന കേസ് ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്.

വെസ്റ്റ് കോസ്റ്റ് കനാൽ പുനരധിവാസ പദ്ധതി

തിരുവനന്തപുരം ജില്ലയിൽ കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ വസിക്കുന്ന1300 ഓളം കുടുംബങ്ങൾ കനാൽ വികസനത്തിന് തടസ്സമാണെന്നതിനാൽ ഇവരെ ഉചിതമായി പുനരധിവസിപ്പിച്ച് ഭൂമി വീണ്ടെടുക്കുവാൻ തീരുമാനിക്കുകയും ആദ്യ ഘട്ടത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം എന്ന പദ്ധതി മാതൃകയിൽ വർക്കലയിലെ 79 കുടുംബങ്ങളെ അപ്രകാരം പുനരധിവസിപ്പിച്ച് ഭൂമി വീണ്ടെടുക്കുകയും ചെയ്തു. പിന്നീട് പുനർഗേഹം പദ്ധതിയ്ക്ക് പകരം വ്യത്യസ്തമായ മാതൃകയിൽ KIIFB-യുടെ ധനസഹായത്തോടെ വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകി. ഈ പദ്ധതിയിൽ അർഹരായ കുടുംബങ്ങൾക്ക് മറ്റ് പദ്ധതികളിൽ നിന്നും ലഭിച്ച തുക കുറവ് ചെയ്ത ശേഷം പരമാവധി 10 ലക്ഷം രൂപ വരേയും താൽക്കാലികമായി വാടക വീട്ടിലേക്ക് മാറുന്നതിന് 1 ലക്ഷം രൂപയും കനാൽ പുറമ്പോക്കിലെ വീട് മൂല്യനിർണ്ണയം ചെയ്ത് കണക്കാക്കുന്ന തുകയും അനുവദിക്കുന്നു. വർക്കലയിൽ 389 കുടുംബങ്ങളും കഠിനംകുളത്ത് 189 കുടുംബങ്ങളും പുനരധിവാസ പാക്കേജ് സ്വീകരിച്ചു കഴിഞ്ഞു. നിലവിൽ വർക്കലയിലും കഠിനംകുളത്തും കനാൽ വികസനത്തിനു തടസ്സമുള്ള ഭവനങ്ങൾ എല്ലാം തന്നെ നീക്കം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ 1155 കുടുംബങ്ങളെ സംബന്ധിച്ച്

പരിശോധിച്ചതിൽ 473 പേർക്ക് പട്ടയം ലഭിച്ചിരുന്നതായി കണ്ടതിനാൽ പട്ടയ രേഖകളുടേയും പട്ടയ ഭൂമിയുടേയും പരിശോധന റവന്യൂ വിഭാഗം വഴി നടപ്പിലാക്കി വരുന്നു. പുറമ്പോക്കിലുള്ള അവശേഷിച്ച 682 കുടുംബങ്ങളുമായി പുനരധിവാസത്തിനുള്ള ചർച്ചകൾ നടത്തുകയും. നിലവിൽ 448 കുടുംബങ്ങൾ പാക്കേജ് സ്വീകരിക്കുവാൻ തയ്യാറാകുകയും 296 കുടുംബങ്ങൾ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

<u>മറുപടി:</u> പാർവ്വതി പുത്തനാറിന്റെ വികസനവുമായി ബന്ധപ്പെട്ട 817.314 ആർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്.

കോവളം മുതൽ വള്ളക്കടവ് വരെയുള്ള പ്രദേശത്ത് ജലപാത വികസനത്തിനായി കനാൽ വീതി കൂട്ടുവാൻ ഇരുകരകളിലും നിശ്ചിത സ്ഥലം നിർണയിച്ച് കല്ലിട്ട് തിരിച്ചിട്ടുണ്ട്. കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി KWIL എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) വഴി നിശ്ചിത പാക്കേജ് തുക നൽകി സ്ഥലം തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

കൊല്ലം തോടിന്റെ ചില ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ റവന്യൂ അധികാരികളുടെ സാന്നിധ്യത്തിൽ പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

വടകര-മാഹി ജലപാതയുടെ പരിധിയിൽ വരുന്ന ഭാഗങ്ങളിലെ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ മാഹി-വളപട്ടണം ജലപാതയുടെ പരിധിയിൽ മൂന്ന് കടുകളാണ് ഉള്ളത് മാഹി-വളപട്ടണം കനാൽ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രദേശവാസികളുടെ വ്യാപകമായ എതിർപ്പുകളും കോടതി കേസുകളും കാരണം മൂന്ന് റീച്ചുകളിലും തടസ്സപ്പെട്ടിരിക്കുകയാണ്.

നീലേശ്വരം-ബേക്കൽ ജലപാത നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രദേശവാസികളുടെ വ്യാപകമായ എതിർപ്പും കോടതി കേസുകളും കാരണം തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ കോടതികളിൽ നിലവിലുണ്ടോ?

<u>മറുപടി:</u> ഭൂമി ഏറ്റെടുക്കുന്നതും ആയി ബന്ധപ്പെട്ട് മൂന്ന് കേസുകൾ ബഹു.കേരള ഹൈക്കോടതിയിൽ നിലവിൽ ഉണ്ട്.

മാഹി-വളപട്ടണം 2nd കട്ട് - WP(C) 34113/2023

മാഹി -വളപട്ടണം 3rd കട്ട് - WP(C) 21584/2024

നീലേശ്വരം -ബേക്കൽ - WP(C) 6021/2024

സെക്ഷൻ ഓഫീസർ